# കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി
# സീറോ-മലബാർ സഭയുടെ മേജർ ആർച്ച്ബിഷപ്
# കാക്കനാട് ദേശീയ കൃതജ്ഞതാബലിയിൽ നടത്തിയ പ്രഭാഷണം

*29 നവംബർ 2014*



*ഇന്ത്യയിലെ അപ്പസ്തോലിക് നുൺഷിയോ അഭിവന്ദ്യ അർച്ച്ബിഷപ് സാൽവത്തോർ പെനാക്കിയോ, അത്യുന്നത കർദ്ദിനാൾ മാർ ക്ലീമിസ്, അഭിവന്ദ്യ ആർച്ച്ബിഷപ് സൂസൈപാക്യം, മറ്റു ആർച്ചുബിഷപ്പുമാരെ, ബിഷപ്പുമാരെ, ബഹു. കേരള മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി, ആദരണീയനായ ജസ്റ്റിസ് ശ്രീ. കുര്യൻ ജോസഫ്, കേരള ധനമന്ത്രി ശ്രീ. കെ.എം. മാണി, മററ് സംസ്ഥാന മന്ത്രിമാരേ, കേന്ദ്ര-സംസ്ഥാന ജനപ്രതിനിധികളേ, കൊച്ചി മേയർ ശ്രീ. ടോണി ചമ്മിണി, മഹാത്മ ഗാന്ധി യൂണിവേഴ്സിററി വൈസ് ചാൻസലർ ശ്രീ. ബാബു സെബാസ്ററ്യൻ, ബഹു. വൈദിക സഹോദരന്മാരേ, സമർപ്പിതരായ സഹോദരന്മാരേ, സഹോദരിമാരേ, കടലലപോലെ വന്നിരിക്കുന്ന സഭാമക്കളേ: അത്മായ സഹോദരീ സഹോദരന്മാരേ, യുവാക്കളേ, കുട്ടികളേ, നിങ്ങൾക്കെല്ലാവർക്കും എന്റെ അഭിവാദനങ്ങൾ!*

*ഭാരതം പുണ്യ ഭൂമിയാണ്. ഈശ്വരാന്വേഷികളായ സന്യാസികളുടെയും ആചാര്യന്മാരുടെയും നാടാണിത്. ലോകമതങ്ങളുടെയെല്ലാം ആത്മീയത ഭാരതത്തിൽ നമുക്ക് കാണാം. വി.തോമാശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിലൂടെ ഭാരതീയാത്മീയതയോട് ക്രിസ്തീയാത്മീയതയും ഉൾച്ചേർന്നു. മാർത്തോമാക്രിസ്ത്യാനികളുടെ ആദ്ധ്യാത്മികത ഇന്ന് പലവിധ വ്യത്യസ്തതകളോടെ സീറോ മലബാർ, മലങ്കര കത്തോലിക്കാസഭകളിലും ഓർത്തഡോക്സ്, മാർത്തോമാ സഭകളിലുമായി വ്യാപിച്ച് നില്ക്കുന്നു.*

*വി. ഫ്രാൻസിസ് സേവ്യറിന്റെയും പാശ്ചാത്യമിഷണറിമാരുടെയും പ്രേഷിതപ്രവർത്തനങ്ങളുടെ ഫലമായി ലത്തീൻ കത്തോലിക്കാസഭയുടെയും മററ് പാശ്ചാത്യസഭകളുടെയും പാരമ്പര്യങ്ങളിൽ അടിയുറച്ച ഒരാധ്യാത്മികതയും ഭാരതത്തിൽ വളർന്ന് വികസിച്ചിട്ടുണ്ട്. ഭാരതത്തിലെ കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം ലത്തീൻ സഭയും സീറോ മലബാർ സഭയും മലങ്കരകത്തോലിക്കാസഭയും മാർപാപ്പയോടുള്ള വിധേയത്വത്തിൽ ഒരേ കൂട്ടായ്മയിൽ പ്രവർത്തിക്കാനുള്ള കൃപ ദൈവം നമുക്ക് നല്കിയിരിക്കുകയാണ്.*